

## ഒടിഞ്ഞ ചിറകുകൾ

"... ആ ശ്മശാനത്തിനടുത്തുകൂടി നിങ്ങൾ കടന്നുപോകുമ്പോൾ നിശ്ശബ്ദമായി അതിനുള്ളിൽ കടക്കണം; മെല്ലെ മെല്ലെ നടക്കണം: മരിച്ചവരുടെ ഉറക്കം നിങ്ങളുടെ കാലൊച്ച ഭഞ്ജിച്ചുകൂടാ. സൽമയുടെ ശവകുടീരത്തിനു മുമ്പിൽ നിങ്ങൾ വിനീതരായി നില്ക്കണം. അവരുടെ മൃതദേഹത്തെ ഉള്ളിലൊതുക്കിയ മണ്ണിനെ അഭിവാദ്യം ചെയ്യണം. ആഴത്തിൽനിന്നു വരുന്ന ദീർഘ നിശ്വാസത്തോടുകൂടി എന്റെ പേരു പറയണം. എന്നിട്ടു നിങ്ങളോടു തന്നെ സംസാരിക്കുക: സമുദ്രങ്ങൾക്കപ്പുറം സ്നേഹത്തിന്റെ തടവുകാരനായി കഴിയുന്ന ജിബ്രാന്റെ എല്ലാ ആശകളും ഇവിടെ അടക്കം ചെയ്തിരിക്കുന്നു. ഈ സ്ഥലത്തുവച്ച് അവന്റെ സന്തോഷം നഷ്ടമായി, അവന്റെ കണ്ണുനീർ പൊഴിഞ്ഞു വറ്റി. അവൻ മന്ദഹാസം മറന്നു..."

ജിബ്രാന്റെ യൗവനകാലത്തെ പ്രണയത്തിന്റെ ആവിഷ്കരണം കൂടിയാണ് ഈ അനന്യസുന്ദരമായ രചന.

വിവർത്തനം: ഡോ. എം.എം. ബഷീർ, പ്രൊഫ. കെ.വി. തമ്പി

കവർ ഡിസൈൻ: എൻ. അജയൻ


ഡിസി ബുക്സ്

www.dcbooks.com

ISBN 978-81-264-3262-2

9 788126 432622 00002

സാഹിത്യം / മിസ്റ്റിക്

E-book available

₹ 55


# ഖലീൽ ജിബ്രാൻ

# ഒടിഞ്ഞ ചിറകുകൾ




T8M3 JIB/O
CASMTVK BKS
583


dcb



**ഖലീൽ ജിബ്രാൻ**

(1883-1931)

ആത്മീയതയെ ലൗകികതയോളം സുപരിചിതമാക്കിയ ഖലീൽ ജിബ്രാൻ. പ്രണയവും ഭക്തിയും കാമവും ഒരേ സ്നേഹത്തിന്റെ വൈവിധ്യപൂർണ്ണമായ അനുഭവജാലകങ്ങളെന്ന് ബോധ്യപ്പെടുത്തിയ എഴുത്തുകാരൻ.




COLLEGE OF AVIAN SCIENCES & MANAGEMENT
KVASU CAMPUS, THIRUVAZHAMKUNNU

Acc. No. 583 Call No. ..........

This book should be returned on or before the date last given below.

15-042 8½
4 FEB 2016
14-022
19/5/16
15-024
14 JUN 2016
14-007
22 JUL 2016
14-002
11 AUG 2016
14-008
22 NOV 2016
16-012
10 MAR 2016
15-020
2? JUL 2017
15-009
8 AUG 2017
17-46
4 FEB 2019
19-19

583

**ഖലീൽ ജിബ്രാൻ**
(1883–1931)

മുഴുവൻ പേര്: ജിബ്രാൻ ഖലീൽ ജിബ്രാൻ. 1883–ൽ ലെബനണിലെ ബിഷാറിയിൽ ജനിച്ചു. ബെയ്റൂത്തിലെ പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം അമേരിക്കയിലെ ബോസ്റ്റൺ പട്ടണത്തിൽ താമസമാരംഭിച്ചു. 1898–ൽ ലെബനണിലേക്കു തിരിച്ചുവന്ന് ബെയ്റൂത്തിലെ അൽ–ഹിക്മ കോളജിൽ ചേർന്നു. അറബിസാഹിത്യവും തത്ത്വചിന്തയും മതചരിത്രവുമായിരുന്നു ഐച്ഛികവിഷയങ്ങൾ. പഠനം കഴിയുംമുമ്പുതന്നെ ലെബനൺ വിട്ടു പോരേണ്ടിവന്നു. പിന്നീട് പാരിസിൽ വിഖ്യാത ശില്പിയായ റോഡിന്റെ കീഴിൽ ശില്പകലയിൽ പ്രാവീണ്യം നേടി. അതിനുശേഷം ന്യൂയോർക്ക് നഗരത്തിൽ സ്ഥിരതാമസമാക്കി. അറബിയിലും ഇംഗ്ലീഷിലുമായി മുപ്പതിലധികം കൃതികൾ രചിച്ചു. 1931–ൽ ന്യൂയോർക്കിലെ ഗ്രീൻവിച്ചിൽ സെന്റ് വിൻസെന്റ് ആശുപത്രിയിൽവച്ച് നിര്യാതനായി.

**ഡോ. എം.എം. ബഷീർ**

വിവർത്തകൻ, വിമർശകൻ. കലിക്കറ്റ് യൂനിവേഴ്സിറ്റിയിൽനിന്ന് മലയാളം പ്രൊഫസറായി വിരമിച്ചു.

**കെ.വി. തമ്പി**

പത്തനംതിട്ട കാതോലിക്കേറ്റ് കോളജിൽനിന്ന് മലയാളം പ്രൊഫസറായി വിരമിച്ചു. *പ്രവാചകൻ, ക്രിസ്ത്വാനുകരണം* (വിവ.) ഇവ മുഖ്യകൃതികൾ.

ഖലീൽ ജിബ്രാന്റെ ഞങ്ങൾ പ്രസിദ്ധീകരിച്ച കൃതികൾ

ഒടിഞ്ഞ ചിറകുകൾ
അലഞ്ഞു നടക്കുന്നവൻ
പുരോഗമി
ഭ്രാന്തൻ
പ്രവാചകൻ
പ്രതിഷേധിക്കുന്ന ആത്മാവുകൾ
മനുഷ്യപുത്രനായ യേശു
ഖലീൽ ജിബ്രാൻ കൃതികൾ–സമ്പൂർണ്ണം

ഖലീൽ ജിബ്രാൻ

# ഒടിഞ്ഞ ചിറകുകൾ

വിവർത്തനം
ഡോ. എം.എം. ബഷീർ, പ്രൊഫ. കെ.വി. തമ്പി

ഡി സി ബുക്സ്

College of Avian Sciences & Management
583
LIBRARY
KVASU Thiruvazhamkunnu 678 601

MALAYALAM LANGUAGE
ORIGINAL ARABIC TITLE
al-Ajniha al-Mutakassira

ORIGINAL ENGLISH TITLE
Broken Wings

Literature/Mysticism
*by* Kahlil Gibran

MALAYALAM TITLE
Odinja Chirakukal

*Translated by* Dr. M.M. Basheer, K.V. Thampi

Rights Reserved

First Published October 2011
2nd impression August 2014

*Cover Painting*
Baijudev

PUBLISHERS
D C Books, Kottayam 686 001
Kerala State, India
Literature News Portal: www.dcbooks.com
Online Bookstore: www. onlinestore.dcbooks.com
e-bookstore: ebooks.dcbooks.com
Customercare: customercare@dcbooks.com, 9846133336

DISTRIBUTORS
D C Books-Current Books

Export Sales D C Press (P) Ltd., Kottayam, Kerala

D C BOOKS LIBRARY CATALOGUING IN PUBLICATION DATA
Kahlil Gibran.
Odinja Chirakukal/Kahlil Gibran.
Malayalam translation/M.M. Basheer, K.V. Thampi
72p., 21cm.
ISBN 978-81-264-3262-2
Malayalam translation of 'Broken wings'
Original in Arabic 'Al-Ajniha al-mutakassira.'
1. Arabic novel. 2. Malayalam translations. I. Title. II. Title 2-English.
III. Title 3-Arabic. IV. Basheer, M.M. V. Thampi, K.V.
892.73- dc22

No part of this publication may be reproduced, or transmitted in any form
or by any means, without prior written permission of the publisher.

ISBN 978-81-264-3262-2

Printed in India
at D C Press (P) Ltd., Kottayam 686 012

D C BOOKS: THE FIRST INDIAN BOOK PUBLISHING HOUSE TO GET ISO CERTIFICATION

₹. 55.00

406/14-15-Sl.No. 13769-dcb 4871-(2)2000-1800-08-14-Spb. 18.1-p ns-r(t) ar-d(t) sc

# ഉള്ളടക്കം

*ആമുഖം* 9
നിശ്ശബ്ദദുഃഖം 13
വിധിയുടെ കരം 16
ക്ഷേത്രകവാടത്തിൽ 19
ശുഭ്രദീപശിഖ 23
കൊടുങ്കാറ്റ് 25
അഗ്നിതടാകം 34
മരണത്തിന്റെ സിംഹാസനത്തിനുമുന്നിൽ 47
ക്രിസ്തുവിനും ഇസ്തറിനുമിടയിൽ 57
ആത്മാഹുതി 61
രക്ഷകൻ 68

# വിവർത്തകക്കുറിപ്പ്

ജിബ്രാന്റെ യൗവനകാലപ്രണയത്തിന്റെ ഭാവനാദീപ്തമായ പുനരാവിഷ്കാരമാണ് ഈ ലഘുനോവൽ. ഹലാ ദഹീർ എന്ന ഉന്നതസ്ഥാനീയയായ യുവതിയുമായി ഉടലെടുത്ത തീക്ഷ്ണാനുരാഗം കൊടിയ നിരാശയിലും വേദനാപൂർണ്ണമായ വേർപിരിയലിലുമാണ് കലാശിച്ചത്. സാമൂഹികമായ അതിർവരമ്പുകൾ ഹൃദയബന്ധങ്ങളെ ഖണ്ഡിക്കുന്നത് ജിബ്രാൻ ആദ്യമായനുഭവിച്ചറിഞ്ഞു. 1902-ൽ ലെബനൺ വിട്ട് അമേരിക്കയിലേക്ക് യാനം ചെയ്യുമ്പോഴും ആ മുറിവുണങ്ങിയിരുന്നില്ല.

പ്രണയാനുഭവം കഴിഞ്ഞ് പതിമൂന്ന് വർഷങ്ങൾക്കുശേഷമാണ് നോവൽ പ്രകാശിതമാവുന്നത് (1912-ൽ). ഒടിഞ്ഞ ചിറകുകളിലെ നായികയായ സെൽമാ കറാമി, ഹലായുടെ ശരിപ്പകർപ്പുതന്നെ. ഈ കൃതിയിലും, മദ്ധ്യപൗരസ്ത്യനാടുകളിലെ നിഷേധിക്കപ്പെടുന്ന സ്ത്രീസ്വാതന്ത്ര്യത്തിനുനേരേ വിമർശനം ചൊരിയാൻ ജിബ്രാൻ തയ്യാറാകുന്നു. സാമൂഹികശീലങ്ങളും ആചാരങ്ങളും മനുഷ്യനെ അവന്റെ യഥാർത്ഥ സ്വത്വത്തിൽ നിന്ന് അകറ്റിക്കളയുന്നുവെന്ന് ജിബ്രാൻ പരിതപിച്ചു. മെഴുകുതിരിയുടെ മങ്ങിയ വെളിച്ചം കണ്ടുശീലിച്ച കണ്ണുകൾ സൂര്യപ്രകാശം കാണാൻ അസമർത്ഥമാവുന്നുവെന്നറിയുന്ന ആത്മീയമായ ആതുരതയാണ് ഒടിഞ്ഞ ചിറകുകളിലെ പ്രമേയം.

# ആമുഖം

എനിക്കന്നു പതിനെട്ടു വയസ്സായിരുന്നു; അപ്പോഴാണ്, സ്നേഹം അതിന്റെ മാസ്മരകിരണങ്ങളാൽ എന്റെ കണ്ണുകൾ തുറന്നത്; തീപാറുന്ന വിരലുകളാൽ ആദ്യമായി എന്റെ ആത്മാവിനെ സ്പർശിച്ചത്. സൗന്ദര്യത്താൽ എന്റെ ആത്മാവിനെ ഉണർത്തിയ ആദ്യത്തെ പെൺകുട്ടി സൽമ കറാമിയായിരുന്നു. അവൾ എന്നെ അഗാധസ്നേഹത്തിന്റെ ആരാമത്തിലേക്കു നയിച്ചു. അവിടെ പകലുകൾ കിനാവുകൾപോലെ കടന്നുപോയി; നിശകൾ വിവാഹോത്സവങ്ങൾപോലെയും. തന്റെ സൗന്ദര്യത്തെ ഉദാഹരിച്ച് സൗന്ദര്യത്തെ ആരാധിക്കാൻ എന്നെ പഠിപ്പിച്ചത് സൽമ കറാമിയായിരുന്നു. അവളായിരുന്നു സ്നേഹംകൊണ്ട് സ്നേഹത്തിന്റെ രഹസ്യം എന്റെ മുന്നിൽ അനാവരണം ചെയ്തത്. യഥാർത്ഥജീവിതത്തിന്റെ കവിത എനിക്കുവേണ്ടി ആദ്യമായാലപിച്ചതും അവളായിരുന്നു.

ഓരോ യുവാവും തന്റെ പ്രഥമസ്നേഹത്തെ ഓർക്കുകയും ആ അസാധാരണമുഹൂർത്തത്തെ വീണ്ടെടുക്കാൻ ശ്രമിക്കുകയും ചെയ്യുന്നു. അതിന്റെ സ്മരണ അവന്റെ ശക്തമായ വികാരങ്ങളെ പരിവർത്തനം ചെയ്യുന്നു. അതിന്റെ നിഗൂഢതയിലെ കയ്പ്പിരിക്കെത്തന്നെ അവനെ വളരെയേറെ സന്തോഷവാനാക്കുകയും ചെയ്യുന്നു.

ഓരോ യുവാവിന്റെ ജീവിതത്തിലും ഓരോ 'സൽമ'യുണ്ട്. അവൾ അവന്റെ ജീവിതവസന്തത്തിൽ പൊടുന്നനേ പ്രത്യക്ഷപ്പെടുന്നു. അവന്റെ ഏകാന്തതയെ ആനന്ദനിമിഷങ്ങളായി മാറ്റുന്നു. അവന്റെ രാത്രികളുടെ നിശ്ശബ്ദതയെ സംഗീതംകൊണ്ടു നിറയ്ക്കുന്നു.

ഞാൻ ചിന്തയിലും ധ്യാനത്തിലും മുഴുകിക്കഴിയുകയായിരുന്നു. പ്രകൃതിയുടെ അർത്ഥസാരത്തെയും ഗ്രന്ഥങ്ങളും വേദങ്ങളും അരുളിയ വെളിപാടിനെയും മനസ്സിലാക്കാൻ ശ്രമിക്കുകയായിരുന്നു. അപ്പോഴാണ്, സൽമയുടെ ചുണ്ടുകളിലൂടെ എന്റെ കാതുകളിൽ മന്ത്രിക്കപ്പെട്ട 'സ്നേഹം' ഞാൻ ശ്രവിച്ചത്. എന്റെ ജീവിതം ഒരു മോഹനിദ്രയായിരുന്നു; പറുദീസയിലെ ആദാമിന്റേതുപോലെ ശൂന്യവും. അപ്പോഴാണ്, പ്രകാശസ്തംഭംപോലെ സൽമ എന്റെ മുന്നിൽ വന്നുനില്ക്കുന്നതായി ഞാൻ കണ്ടത്. അവളെന്റെ ഹൃദയത്തിന്റെ ഹവ്വയായിരുന്നു; രഹസ്യങ്ങളാലും അത്ഭുതങ്ങളാലും അവൾ അതിനെ നിറച്ചു; ജീവിതത്തിന്റെ അർത്ഥം മനസ്സിലാക്കാൻ എന്നെ പ്രാപ്തനാക്കുകയും ചെയ്തു.